**എൻഡോസൾഫാൻ നിരോധനത്തിനൊപ്പം കാസർഗോഡെ ദുരിതബാധിതരുടെ പ്രശ്നങ്ങൾ കൂടി പരിഗണിക്കപ്പെടണമെന്ന് എൻഡോസൾഫാൻ പോരാട്ടത്തിൽ നാളുകളായി ഇടപെടുന്ന എം.എ. റഹ്മാൻ**

# എൻഡോസൾഫാൻ നിരോധനത്തിനപ്പുറം

**പത്ത്** വർഷത്തിലധികമായി ആഗോളതലത്തിൽ എൻഡോസൾഫാനെതിരെ നടക്കുന്ന സമരങ്ങളുടെ വിജയമാണ് എൻഡോസൾഫാൻ നിരോധനം. കാസർഗോട്ടെ എൻഡോസൾഫാൻ ഇരകൾക്കുള്ള ഒരു അംഗീകാരം കൂടിയാണ് ഈ നിരോധനം. എന്നാൽ കേവലം നിരോധനം കൊണ്ട് പരിഹരിക്കാവുന്ന പ്രശ്നങ്ങളല്ല കാസർഗോഡ് രോഗികൾ അനുഭവിക്കുന്നത്. രോഗികളുടെ പ്രശ്നങ്ങൾക്ക് മുഖ്യ പരിഗണന കിട്ടിയിട്ടില്ല. നിരോധനത്തിലൂടെ എൻഡോസൾഫാൻ സമരം വിജയം നേടുമ്പോഴും കാസർഗോഡെ രോഗികൾ ഒരർത്ഥത്തിൽ പരാജയപ്പെടുകയാണ്. മാന്യമായ നഷ്ടപരിഹാരം പോലും അവർക്ക് സർക്കാറിന്റെ പക്കൽ നിന്നും കിട്ടിയില്ല. സർക്കാർ ഇപ്പോൾ നടത്തുന്ന പുനരധിവാസ പദ്ധതിക്ക് രോഗികളുടെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ കഴിയുന്നില്ല.

ദുരന്തത്തിന് കാരണക്കാരാനായ പ്ലാന്റേഷൻ കോർപ്പറേഷൻ ഇപ്പോഴും രക്ഷപെടുകയാണ്. നമ്മുടെ നികുതിപ്പണം ഉപയോഗിച്ചാണ് അവർ ഇത്രയും തോട്ടങ്ങൾ വാങ്ങിക്കൂട്ടിയതും അവിടെ എൻഡോസൾഫാൻ തളിച്ചതും. അതുകൊണ്ടുതന്നെ അവരുടെ പക്കൽ നിന്നും നിയമപരമായി നഷ്ടപരിഹാരം ഈടാക്കാനുള്ള നടപടികൾ സർക്കാർ നടത്തണം. രോഗികളെ ശാസ്ത്രീയമായി പുനരധിവസിപ്പിക്കുന്നതിന് സർക്കാറുകളും പരിസ്ഥിതി സംഘടനകളും സാമൂഹിക പ്രവർത്തകരും പൊതുസമൂഹവും കൂട്ടായ ശ്രമം നടത്തേണ്ടിയിരിക്കുന്നു.

എൻഡോസൾഫാൻ ദുരിന്തബാധിതർ ഇപ്പോഴും ഇവിടെ മരണത്തിന് കീഴ്പ്പെടുന്നുണ്ട്. പല രോഗികളേയും ലിസ്റ്റ് ചെയ്യാൻ ഇനിയും കഴിഞ്ഞിട്ടില്ല. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ. ജയകൃഷ്ണന്റെ നേതൃത്വത്തിൽ സർക്കാർ നടത്തിയ അന്വേഷണം പെരിയയിലും ബോവിക്കാനത്തും കോടോംബേളൂരും മാത്രമാണ് കേന്ദ്രീകരിച്ചത്. ആദൂർ പോലെ എൻഡോസൾഫാൻ ദുരന്തബാധിതർ എറെയുള്ള സ്ഥലങ്ങൾ ഒഴിവാക്കപ്പെട്ടു. ആദൂരിൽ 10 കുട്ടികൾ പഠിക്കുന്ന ഒരു അംഗൻവാടി



**നമ്മുടെ നികുതിപ്പണം ഉപയോഗിച്ചാണ് അവർ ഇത്രയും തോട്ടങ്ങൾ വാങ്ങിക്കൂട്ടിയതും അവിടെ എൻഡോസൾഫാൻ തളിച്ചതും. അതുകൊണ്ടുതന്നെ അവരുടെ പക്കൽ നിന്നും നിയമപരമായി നഷ്ടപരിഹാരം ഈടാക്കാനുള്ള നടപടികൾ സർക്കാർ നടത്തണം. രോഗികളെ ശാസ്ത്രീയമായി പുനരധിവസിപ്പിക്കുന്നതിന് സർക്കാരും പരിസ്ഥിതി സംഘടനകളും സാമൂഹിക പ്രവർത്തകരും കൂട്ടായ ശ്രമം നടത്തേണ്ടിയിരിക്കുന്നു.**

യിൽ ആറ് പേരും എൻഡോസൾഫാൻ ദുരന്തബാധിതരാണ്. 2000ൽ എൻഡോസൾഫാൻ സ്പ്രേയിംഗ് നിരോധിച്ചപ്പോൾ ആദൂരിലുള്ള പ്ലാന്റേഷൻ കോർപ്പറേഷന്റെ ഒരു കുന്നിൽ മുകളിലാണ് അവർ ബാക്കി വന്ന എൻഡോസൾഫാൻ കുഴിച്ചിട്ടത്. 84 കുടുംബങ്ങൾ ഈ കുന്നിന്റെ താഴ്വരയിൽ താമസിക്കുന്നുണ്ട്. അവരിൽ പലരും ഇന്ന് രോഗികളാണ്. ഇത്തരം പ്രശ്നങ്ങളൊന്നും വിശദമായി പഠിക്കാൻ സർക്കാറിന് ഇനിയും കഴിഞ്ഞിട്ടില്ല. ലിസ്റ്റ് ചെയ്യപ്പെട്ട രോഗികൾക്ക് ചികിത്സ കിട്ടുമെന്ന് സർക്കാർ പറയുന്നുണ്ടെങ്കിലും ജില്ലയിലുള്ള സർക്കാർ ആശുപത്രികളിലൊന്നും ഈ രോഗികളെ ചികിത്സിക്കാനുള്ള സൗകര്യങ്ങളില്ല.

### എൻവിസേജ്

സർക്കാർ നൽകുന്ന ധനസഹായം രോഗികൾക്ക് തികയാതെ വന്നതിനാലും പലർക്കും അതുപോലും ലഭിക്കാത്ത അവസ്ഥയുള്ളതിനാലുമാണ് ഞങ്ങൾ നേരിട്ട് രോഗികൾക്ക് സഹായമെത്തിക്കാൻ തുടങ്ങിയത്. എൻവിസേജ് എന്ന സംഘടനരൂപീകരിച്ച് പലസ്ഥലങ്ങളിൽ നിന്നും പണം ശേഖരിച്ച് രോഗികൾക്ക് എത്തിക്കാനുള്ള ശ്രമങ്ങൾക്ക് ഞങ്ങൾ ഇപ്പോൾ തുടക്കം കുറിച്ചിട്ടുണ്ട്. ഞങ്ങൾ കൊടുക്കുന്ന പണം പോലും തികയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. കുട്ടികൾക്ക് രോഗം ബാധിച്ചതിനാൽ പല രക്ഷിതാക്കളും പണിക്ക് പോകാനാകാതെ വീട്ടിൽ തന്നെ കഴിയുകയാണ്. ചികിത്സയ്ക്കായി പണം കടം വാങ്ങിയ പലർക്കും ഇപ്പോൾ വരുമാനം പോലും ഇല്ലാത്ത അവസ്ഥയാണ്. ഇത് ഒരു പൗരാവകാശ പ്രശ്നമായി ഉയർത്തിക്കൊണ്ടുവരാൻ എൻഡോസൾഫാൻ വിഷയത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച എല്ലാവരും ശ്രമിക്കണം.

### ട്രിബ്യൂണൽ രൂപീകരിക്കണം

പ്ലാന്റേഷൻ കോർപ്പറേഷൻ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി അഞ്ച് കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയിട്ടുണ്ട്. ഒറ്റനോട്ടത്തിൽ ഇതൊരു നല്ല നീക്കമായി തോന്നാമെങ്കിലും 50 കോടി രൂപ ലാഭമുണ്ടാക്കിയതിൽ നിന്നാണ് ഈ അഞ്ച് കോടി ഇരകൾക്കായി നൽകിയതെന്ന് നമ്മൾ തിരിച്ചറിയണം. പ്ലാന്റേഷൻ കോർപ്പറേഷന് കിട്ടിയ ലാഭം മുഴുവൻ അവരുടെ ചെയ്തികൾ കാരണം ദുരിതമനുഭവിക്കുന്നവർക്ക് നൽകാനുള്ള ബാധ്യത കോർപ്പറേഷനുണ്ട്. വർഷമായി എൻഡോസൾഫാൻ തളിച്ചുണ്ടാക്കിയ ലാഭമാണിത്. പാട്ടകരാർ പ്രകാരം എട്ട് കോടിയോളം രൂപ കോർപ്പറേഷൻ സർക്കാറിൽ അടയ്ക്കാനുണ്ട്. ലാഭത്തിൽ നിന്നുള്ള തുകയെടുത്ത് തൊഴിലാളികൾക്ക് ലോണുകൾ പ്രഖ്യാപിക്കാനുള്ള ആർജ്ജവം കോർപ്പറേഷൻ ചെയർമാൻ ആഞ്ചലോസ് കാണിക്കുന്നുണ്ടല്ലോ? പി.സി.കെയുടെ പക്കൽ നിന്നും നഷ്ടപരിഹാരം ഈടാക്കാനായി സർക്കാർ ഒരു ട്രിബ്യൂണൽ രൂപീകരിക്കണം.

### ചികിത്സ

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആവശ്യമായ ചികിത്സനൽകാൻ കാസർഗോഡുള്ള ആശുപത്രികൾ സജ്ജമല്ല എന്നാണ് പ്രജിതയുടെ മരണം തെളിയിക്കുന്നത്. ഡോക്ടർ അവധിയിലായിരുന്നതിനാൽ വീട്ടിൽ പോയി ഡോക്ടറെ കാണനാണ് ആശുപത്രിയിലുള്ളവർ പ്രജിതയുടെ രക്ഷിതാക്കളോട് നിർദ്ദേശിച്ചത്. എൻഡോസൾഫാൻ ദുരിന്തബാധിതരോട് ഇടപെടേണ്ട രീതിയിലല്ല ആശുപത്രിയിലുള്ളവർ അവരോട് പെരുമാറിയത്. ചടങ്ങുപോലെ നടത്താൻ കഴിയുന്ന കാര്യമല്ല അവരുടെ ചികിത്സ. അതിന് പ്രത്യേക പരിശീലനം ആവശ്യമാണ്. ഈ സംഭവത്തെക്കുറിച്ച് അന്വേഷിച്ച ശേഷം ഡിഎം.ഒ നൽകിയ റിപ്പോർട്ടിൽ രോഗികൾക്ക് വേണ്ട സൗകര്യങ്ങൾ ആശുപത്രിയിൽ ഇല്ല എന്ന് പറയുന്നുണ്ട്. ആ പ്രശ്നം അടിയന്തിരമായി പരിഹരിക്കാൻ കഴിയണം. ചികിത്സയ്ക്കുള്ള ധനസഹായം നൽകുന്നതിനൊപ്പം മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്ന ഒരു മെഡിക്കൾ കോളേജും രോഗികൾക്കായി കാസർഗോഡ് സ്ഥാപിക്കണം.

### പ്ലാന്റേഷൻ തോട്ടങ്ങൾ

സ്വന്തമായുള്ള ഭൂമി കൂടാതെ വനംവകുപ്പിന്റെ പക്കൽ നിന്നും പാട്ടത്തിനെടുത്ത ഭൂമിയും ഇവിടെ പ്ലാന്റേഷൻ കോർപ്പറേഷനുണ്ട്. പണ്ട് കാടായിരുന്ന സ്ഥലങ്ങളാണ് പ്ലാന്റേഷൻ കോർ

പ്പറേഷൻ കൈയടക്കി നശിപ്പിച്ച് കശുമാവും റബ്ബറും വച്ചത്. ഏകവിള തോട്ടങ്ങളുടെ പ്രശ്നങ്ങൾ ഇന്ന് ലോക വ്യാപകമായി തിരിച്ചറിയുന്ന സാഹചര്യത്തിൽ മണ്ണും വെള്ളവും സംരക്ഷിക്കുന്ന തരത്തിലുള്ള വൈവിധ്യമുള്ള കൃഷിരീതികളിലേക്ക് ഈ തോട്ടങ്ങളെ മാറ്റിയെടുക്കണം. വനംവകുപ്പിന്റെ പക്കൽ നിന്നും പാട്ടത്തിനെടുത്ത് തോട്ടമാക്കി മാറ്റിയ ഭൂമി കാടിനായി തന്നെ വിട്ടുകൊടുക്കണം. പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ പണിയെടുത്തിരുന്നതും അല്ലാത്തതുമായ നിരവധി ആദിവാസികൾ ഇന്നും ഭൂരഹിതരായി തുടരുകയാണ്. അവർക്ക് ഭൂമി നൽകുന്നതിനായി പ്ലാന്റേഷൻ കോർപ്പറേഷന്റെ ഭൂമി സർക്കാർ ഏറ്റെടുക്കണം. പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള രാജപുരം എസ്റ്റേറ്റ് ഇത്തരത്തിൽ പുനരധിവാസത്തിനായി ഏറ്റെടുക്കുമെന്ന് വനംമന്ത്രി ബിനോയ് വിശ്വം പ്രസ്താവിച്ചിരുന്നു. എന്നാൽ ഏറെ പരിസ്ഥിതി പ്രാധാന്യമുള്ള ഈ പ്രദേശം പുനരധിവാസ ഭൂമിയായി മാറ്റുന്നത് അപകടമാണ്. വനം വകുപ്പ് തന്നെ ഏറ്റെടുത്ത് സംരക്ഷിക്കേണ്ട സ്ഥലമാണിത്. വനമായി സംരക്ഷിക്കേണ്ട സ്ഥലങ്ങൾ ഒഴിച്ച് നിർത്തിയാൽ പോലും 5000 ഹെക്ടറിൽ അധികം സ്ഥലം ജില്ലയിൽ പി.സി.കെയുള്ള കൈവശമുണ്ട്. ആ ഭൂമിയുടെ കാര്യത്തിൽ തീരുമാനമെടുക്കാനുള്ള ആർജ്ജവം സർക്കാർ കാണിക്കണം.

14 നദികൾ ഉത്ഭവിക്കുന്ന ജില്ലയാണ് കാസർഗോഡ്. എന്നിട്ടും പല സ്ഥലങ്ങളിലും ഇന്ന് രൂക്ഷമായ കുടിവെള്ള ക്ഷാമം നിലനിൽക്കുന്നു. കീടനാശിനി പ്രയോഗം കാരണം പല ജല സ്രോതസ്സുകളും വിഷലിപ്തമായിരിക്കുന്നു. ജീവന്റെ നിലനിൽപ്പിനായി ഈ ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. കാസർഗോഡിന്റെ കിഴക്കൻ മേഖലയിൽ പ്ലാന്റേഷൻ കോർപ്പറേഷൻ കൈയടക്കി തോട്ടങ്ങളാക്കിയിരിക്കുന്ന വനഭൂമി സംരക്ഷിത വനത്തിനായി വിട്ടുകൊടുക്ക മാത്രമാണ് അതിന് പരിഹാരം.

## വെല്ലുവിളികൾ

ഏഴ് ഭാഷകളും വ്യത്യസ്തമായ സംസ്കാരങ്ങളുമുള്ള നാടാണ് കാസർഗോഡ്. 11 പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുകയാണ് എൻഡോസൾഫാൻ പ്രശ്നം. പ്രശ്നബാധിതരുടെ അടുത്തേക്ക് എത്തിച്ചേരാനുള്ള പ്രയാസമാണ് ഞങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. ഉൾനാടുകളിലുള്ള പല രോഗികളും ഇക്കാരണത്താൽ അവഗണിക്കപ്പെടുന്നു. എൻഡോസൾഫാൻ ശക്തമായപ്പോഴെല്ലാം ഈ ജനങ്ങൾ ഞങ്ങളുടെ അടുക്കൽ എത്തിയിരുന്നു. എൻഡോസൾഫാൻ നിരോധനത്തിനായുള്ള ഒപ്പുശേഖരണത്തിനായി കാസർഗോഡ് ടൗണിൽ നിർമ്മിച്ച ഒപ്പുമരത്തിന്റെ അടുക്കലേക്ക് നിരവധി എൻഡോസൾഫാൻ ദുരിതബാധിതർ കിലോമീറ്ററുകൾ താണ്ടി എത്തിച്ചേർന്നു. ദുരന്തങ്ങൾ അനുഭവിക്കുന്ന ഇവരുടെ അടുക്കലേക്കും ഏത് ആവശ്യത്തിനും എത്തിച്ചേരാനുള്ള ആർജ്ജവം എൻഡോസൾഫാൻ വിഷയത്തിൽ ഇടപെടുന്നവർ കാണിക്കണം.

ജില്ലയിൽ മാത്രം ഒതുങ്ങുന്ന സമരമാണ് ഇപ്പോൾ നടക്കുന്നത്. കാസർഗോഡിന്റെ മാത്രം സമരമല്ല എൻഡോസൾഫാൻ വിരുദ്ധ സമരം. ഞങ്ങൾ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ വലിയ ജനകീയ പങ്കാളിത്തമുള്ള ഇടപെടലുകൾ കേരളത്തിലെമ്പാടും ഉണ്ടാകേണ്ടതുണ്ട്.

## പഠനപ്രവർത്തനങ്ങൾ ഇനിയും നടത്തണം

ശാസ്ത്രീയമായ പഠനം പരിസ്ഥിതി ഗ്രൂപ്പുകളുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല എന്നത് ഒരു പോരായ്മയാണ്. ഏറെ വൈകിപ്പോയതിനാൽ സംഘടിതമായ ശ്രമം അക്കാര്യത്തിൽ ഉടൻ ഉണ്ടാകണം. പഠനങ്ങൾ അപര്യപ്തമാണെങ്കിലും രോഗികൾ എവിടെയെല്ലാം ഉണ്ടെന്ന് ഞങ്ങൾക്ക് ഇപ്പോൾ കൃത്യമായി അറിയാം. പഞ്ചായത്തുകളുടെ പക്കലുള്ള ലിസ്റ്റ് അപര്യാപ്തമാണ്. വാർഡ് മെമ്പർമാരെല്ലാം പല രാഷ്ട്രീയ ഇടപെടലും ആ ലിസ്റ്റിൽ നടത്തിയിട്ടുണ്ട്. ആ പ്രശ്നങ്ങളെല്ലാം മറികടക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.

## പെരിയയിൽ സംഭവിച്ചത്

പെരിയയിൽ എൻഡോസൾഫാൻ വിരുദ്ധ സമിതി നടത്തിയ അനിശ്ചിത കാല സമരം തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് അവസാനിപ്പിക്കേണ്ടി വന്നു. സമരത്തിനോടുള്ള നാട്ടുകാരുടെ എതിർപ്പിന് പിന്നിൽ പല ഇടപെടലുകളുമുണ്ട്. കേന്ദ്ര സർവ്വകലാശാലയ്ക്കായി സ്ഥലം കണ്ടെത്തിയിരിക്കുന്നത് പെരിയയിലാണ്. സമരത്തിലൂടെ പെരിയയിൽ എൻഡോസൾഫാൻ പ്രശ്നമുണ്ടെന്ന വാർത്ത പടർന്നാൽ സെൻട്രൽ യൂണിവേഴ്സിറ്റി നാടിന് നഷ്ടമാകുമെന്ന് ചിലർ നാട്ടുകാരെ പറഞ്ഞ് തെറ്റിധരിപ്പിച്ചു. സ്ഥലത്തിന് വില കുറയുമെന്ന് ഭയക്കുന്ന പല റിയൽഎസ്റ്റേറ്റ് കച്ചവടക്കാരും ഇതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുണ്ട്. ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്ന തരത്തിലുള്ള ഇടപെടൽ നടത്താൻ എൻഡോസൾഫാൻ വിരുദ്ധ സമിതിക്ക് കഴിയാതെ പോയി.

### സമരത്തിന്റെ ആവശ്യങ്ങൾ

1. കേന്ദ്രസർക്കാർ എൻഡോസൾഫാൻ നിരോധനത്തിനായുള്ള നടപടികൾ വേഗത്തിലാക്കുക
2. പ്ലാന്റേഷൻകോർപ്പറേഷൻ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സ്വയം മുന്നോട്ട് വരണം
3. ട്രിബ്യൂണൽ രൂപീകരിച്ച് ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകാനുള്ള നടപടി കേരള സർക്കാർ സ്വീകരിക്കുക
4. പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിലെ ഏകവിള കൃഷികൾ അവസാനിപ്പിക്കുക. ഇവിടെ ജൈവകൃഷി നടത്താനുള്ള നടപടികൾ സ്വീകരിക്കുക.
5. ദുരിതബാധിതർക്ക് ഭൂമിയും വീടും തൊഴിലും നൽകാൻ തയ്യാറാവുക
6. സർക്കാർ ജോലികളിൽ ഇവർക്ക് സംവരണം ഏർപ്പെടുത്തുക
7. പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള വനഭൂമി തിരിച്ചുപിടിക്കുക
8. കേന്ദ്രമനുഷ്യാവകാശ കമ്മിഷൻ മുന്നോട്ട് വച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുക
9. മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളുള്ള മെഡിക്കൽ കോളേജ് കാസർഗോഡ് സ്ഥാപിക്കുക

